പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2651 **28-10-2026-ൽ മറുപടിയ്ക്ക്**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന് ആർ.ആർ.ടി.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിൽ ആകെ രണ്ട് റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി.) മാത്രമാണ് ഉള്ളത് എന്നതിനാൽ അടിയന്തര ഘട്ടങ്ങളിൽ കൃത്യസമയത്ത് പ്രശ്ന ബാധിത സ്ഥലത്ത് എത്തിച്ചേരാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികവർഗ്ഗ ഉന്നതികൾ കൂടുതൽ ഉള്ള കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ കോട്ടൂർ കേന്ദ്രമാക്കി ഒരു പുതിയ ആർ.ആർ.ടി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: തിരുവനന്തപുരം ജില്ലയിൽ നിലവിൽ പരുത്തിപ്പള്ളി, പാലോട് എന്നീ രണ്ട് ആർ.ആർ.ടി.കൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ ഉന്നതികൾ കൂടുതലുള്ള കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ അടിയന്തര ഘട്ടങ്ങളിലെല്ലാം പരുത്തിപ്പള്ളി ആർ.ആർ.ടി.യുടെ സേവനം കൃത്യസമയത്ത് ലഭ്യമാക്കി വരുന്നുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വന്യജീവി സംഘർഷ ബാധിത മേഖലകളിൽ 25 പുതിയ ആർ.ആർ.ടി.കൾ രൂപീകരിച്ചതിന്റെ ഭാഗമായി തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ കോട്ടൂർ ആസ്ഥാനമാക്കി ആർ.ആർ.ടി. രൂപീകരിച്ച് നിലവിലുള്ള ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി തിരുവനന്തപുരം പി.ടി.പി. നഗറിൽ എം.ആർ.ടി. (Metro Response Team) യും സജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ